**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** **20-01-2021 - ൽ മറുപടിയ്ക്ക്**

**ലഹരിക്കായി ചികിത്സാ മരുന്നുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പലവിധ രോഗങ്ങൾക്ക് ചികിത്സക്കായുള്ള മരുന്നുകൾ വ്യാപകമായി ലഹരിക്കായി ഉപയോഗിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മനോരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളാണ് കൂടുതലായും ലഹരിയ്ക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളത്. ഇത്തരം മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/ വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C & F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി ഇവയെല്ലാം തന്നെ എച്ച് 1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്ത/ചില്ലറ ഔഷധ വിൽപ്പന ശാലകൾ വഴിയുള്ള ഇവയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മനോരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളാണ് കൂടുതലായും ലഹരിയ്ക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളത്. ഇത്തരം മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/ |

| | | | |
|---|---|---|---|
| | | | വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C & F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി ഇവയെല്ലാം തന്നെ എച്ച് 1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്ത/ചില്ലറ ഔഷധ വിൽപ്പന ശാലകൾ വഴിയുള്ള ഇവയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുണ്ട്. |
| (സി) | സംസ്ഥാനത്ത് ഓൺലൈനായി വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | രാജ്യത്ത് മരുന്നുല്പാദനവും വിപണനവും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ഉം അതിന് കീഴിലുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 പ്രകാരവുമാണ്. പ്രസ്തുത നിയമങ്ങൾ പ്രകാരം മരുന്നുകളുടെ ഓൺലൈൻ വിൽപ്പന സംസ്ഥാനത്ത് എങ്ങും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ